നം. എൻ.ഇ.പി (3)72704/2015/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം

തീയതി : 31.12.2016

## സർക്കുലർ

**വിഷയം :-** **പൊതുവിദ്യാഭ്യാസം - സംസ്ഥാന ഐ.ടി. വകുപ്പിന്റെ 'Learn to Code Program' ന്റെ ഭാഗമായി കേരള സ്റ്റാർട്ടപ്പ് മിഷനും ഐടി@സ്കൂൾ പ്രോജക്ടും സംയുക്തമായി വിദ്യാർത്ഥികൾക്ക് നടത്തുന്ന സംസ്ഥാനതല മത്സരം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16-09-2015 ലെ എൻ.ഇ.പി.(3)-72704/2015 നമ്പർ സർക്കുലർ

സംസ്ഥാന ഐ.ടി. വകുപ്പിന്റെ കീഴിലുള്ള കേരള സ്റ്റാർട്ടപ്പ് മിഷനും ഐ.ടി.@സ്കൂൾ പ്രോജക്ടും സംയുക്തമായി 2015-16 അധ്യയനവർഷം സംസ്ഥാനത്തെ എട്ടാം ക്ലാസ്സ് വിദ്യാർത്ഥികളിൽ നിന്നും സ്കൂൾതലത്തിൽ തെരഞ്ഞെടുത്ത രണ്ടു വിദ്യാർത്ഥികൾക്ക് വീതം റാസ്പ്ബറി പൈ ഉപകരണം സമ്മാനമായി നൽകിയിരുന്നു. സബ്ജില്ലാടിസ്ഥാനത്തിൽ രണ്ട് ഘട്ടങ്ങളിലായി 6 ദിവസം റാസ്പ്ബറി കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പ്രോഗ്രാമിംഗ് പരിശീലനവും നൽകിയിരുന്നു. ഈ വിദ്യാർത്ഥികൾക്കായി റാസ്പ്ബറി പൈ കമ്പ്യൂട്ടറുപയോഗിച്ച് ഉപയോഗപ്രദമായ സോഫ്റ്റ്വെയർ/ഹാർഡ്‌വെയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാനതലത്തിൽ മത്സരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. മത്സരം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളും വിശദാംശങ്ങളും പുറപ്പെടുവിക്കുന്നു.

1. റാസ്പ്ബറി പൈ സങ്കേതത്തിലൂടെ പ്രോഗ്രാമിംഗ് ആശയങ്ങളും അവയുടെ നിർമ്മിതിയിലുള്ള അവബോധവും സൃഷ്ടിക്കുന്നതിനാണ് ഈ മത്സരം സംഘടിപ്പിക്കുന്നത്. ഈ വർഷത്തെ പ്രമേയം 'Create a project that solves daily life problems' എന്നതാണ്.
2. സ്കൂൾതല റാസ്പ്ബറി പൈ മത്സരത്തിൽ വിജയി ആയ വിദ്യാർത്ഥിക്കോ കമ്പ്യൂട്ടർ പ്രോഗ്രാമിംഗിൽ താത്പര്യമുള്ള, റാസ്പ്ബറി പൈ ലഭിച്ച വിദ്യാർത്ഥി ഉൾപ്പെടുന്ന ഗ്രൂപ്പിനോ സ്കൂളിൽ നിന്നും പങ്കെടുക്കാവുന്നതാണ്.
3. 2014-15 അധ്യയനവർഷം റാസ്പ്ബറി പൈ സമ്മാനമായി ലഭിച്ച വിദ്യാർത്ഥികൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
4. നൽകിയിട്ടുള്ള പ്രമേയത്തെ അടിസ്ഥാനമാക്കി മത്സരാർത്ഥികൾ തയ്യാറാക്കുന്ന പ്രോജക്ടിന്റെ പേരും പ്രവർത്തനരീതിയും ഉദ്ദേശ്യലക്ഷ്യങ്ങളുമാണ് അപേക്ഷയിൽ രേഖപ്പെടുത്തേണ്ടത്.
5. താത്പര്യമുള്ളവർ ഇതോടൊപ്പം നൽകിയിട്ടുള്ള അപേക്ഷ മലയാളത്തിൽ/ഇംഗ്ലീഷിൽ തയ്യാറാക്കി ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ അതത് ജില്ലാ കോ-ഓർഡിനേറ്റർമാർക്ക് ഇ-മെയിലായി 2017 ജനവരി 25-ന് മുമ്പായി സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ പകർപ്പ് raspikerala@startupmission.in എന്ന വിലാസത്തിലേക്കും അയയ്ക്കേണ്ടതാണ്.
6. അപേക്ഷയുടെ ഹാർഡ്കോപ്പിയും പൂർത്തിയാക്കിയ പ്രോജക്ടിന്റെ ചിത്രങ്ങൾ, വീഡിയോ എന്നിവ ഉൾപ്പെടുന്ന സി.ഡി.യും 2017 ജനവരി 31-നകം ഐ.ടി.@സ്കൂൾ പ്രോജക്ടിന്റെ ജില്ലാ ഓഫീസുകളിലെത്തിക്കേണ്ടതാണ്.

7. അവസാന തീയതിക്കശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

8. കേരള സ്റ്റാർട്ടപ്പ് മിഷന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കുന്ന മൂല്യനിർണ്ണയസമിതി മത്സരാർത്ഥികൾ തയ്യാറാക്കുന്ന പ്രോജക്ടുകൾ വിലയിരുത്തുകയും ഉയർന്ന സ്കോർ നേടുന്നവരെ ഫൈനൽ മത്സരത്തിലേക്കായി തിരഞ്ഞെടുക്കുന്നതുമാണ്.

9. സംസ്ഥാനതലത്തിൽ ഏറ്റവും മികച്ച പ്രോജക്ടായി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥിക്ക്/ഗ്രൂപ്പിന് **രണ്ട് ലക്ഷം** രൂപ പാരിതോഷികമായി നൽകുന്നതാണ്. ഓരോ ജില്ലയിലേയും മികച്ച പ്രോജക്ട് സമർപ്പിപ്പിക്കുന്ന മത്സരാർത്ഥികൾക്ക് **പതിനായിരം** രൂപ വീതം നൽകുന്നതാണ്.

10. മത്സരവിജയികളുടെ ലിസ്റ്റ് ഐ.ടി@സ്കൂളിന്റെയും കേരള സ്റ്റാർട്ടപ്പ് മിഷന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

11. മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും പ്രശംസാപത്രം നൽകുന്നതാണ്.

12. അടുത്ത ഘട്ടം റാസ്പ്ബറി പൈ, ഇലക്ട്രോണിക് കിറ്റ് വിതരണ ചടങ്ങിൽ വച്ച് വിജയികൾക്ക് പുരസ്കാരങ്ങൾ നൽകുന്നതാണ്.

13. സമ്മാനവിതരണ ചടങ്ങിൽ മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ മികച്ച പ്രോജക്ടുകൾ വ്യവസായ സംരംഭകർക്കും പൊതുജനങ്ങൾക്കുമായി പ്രദർശിപ്പിക്കുന്നതാണ്.

14. വിദ്യാർത്ഥികളുടെ മത്സരം സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമെങ്കിൽ ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ അതത് ജില്ലാ ഓഫീസുമായോ raspi@startupmission.in എന്ന ഇ-മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

കമ്പ്യൂട്ടർ പ്രോഗ്രാമിംഗിൽ അഭിരുചി വളർത്തുന്നതിനും വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾക്ക് സ്കൂൾ അധികൃതർ വിദ്യാർത്ഥികൾക്ക് ആവശ്യമായ പിന്തുണയും പ്രോത്സാഹനവും നൽകേണ്ടതാണ്.

ഒപ്പ്

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

അംഗീകാരത്തോടെ

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ./ഡി.ഇ.ഒ. മാർക്കും
എല്ലാ ഹൈസ്കൂൾ പ്രഥമാദ്ധ്യാപകർക്കും (ഐ.ടി.സ്കൂൾ ജില്ലാ കോ-ഓർഡിനേറ്റർമാർ മുഖേന)
സ്റ്റോക്ക് ഫയൽ